ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:02.02.2025**

## പ്രധാനവാർത്തകൾ

1) **പാർലമെന്റിൽ രാഷ്ട്രപതിയുടെ പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ച നാളെ.**

2) **കാൻസറിനെതിരെ ജനകീയ ക്യാമ്പയിനുമായി സംസ്ഥാന ആരോഗ്യ വകുപ്പ്; കാൻസർ ചികിത്സയിലെ വലിയ ചുവടുവയ്പ്പെന്ന് മന്ത്രി വീണാ ജോർജ്.**

3) **മാതൃ - ശിശു പരിചരണത്തിലെ പ്രവർത്തന മികവിന് മലപ്പുറം മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിന് ദേശീയ അംഗീകാരം.**

4) **വയനാട്ടിൽ വന്യജീവികളുടെ കാടിറക്കം തടയാൻ പദ്ധതികളുമായി വനം-വന്യജീവി സംരക്ഷണ വകുപ്പ്.**

5) **38-ാമത് ദേശീയ ഗെയിംസിൽ കേരളത്തിന് വീണ്ടും മെഡൽ നേട്ടം; വനിതകളുടെ ബാസ്കറ്റ് ബോളിൽ വെള്ളി മെഡൽ.**

RIU TVPM

**********************************

## നന്ദിപ്രമേയ ചർച്ച

പാർലമെന്റിലെ രാഷ്ട്രപതിയുടെ പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ച നാളെ ലോക്സഭയിലും രാജ്യസഭയിലും നടക്കും. ധനകാര്യ ബിൽ 2025, വഖഫ് (ഭേദഗതി) ബിൽ, 2024, ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബിൽ, 2025, ബാങ്കിംഗ് നിയമ ഭേദഗതി ബിൽ, റെയിൽവേ (ഭേദഗതി) ബിൽ, 2024 ഉൾപ്പെടെ 16 ബില്ലുകൾ, പാർലമെന്റിൽ ചർച്ച ചെയ്ത് പാസ്സാക്കും.

**********************************

## വഖഫ് (ഭേദഗതി) ബിൽ

വഖഫ് ഭേദഗതി ബില്ലിന്മേലുള്ള സംയുക്ത പാർലമെൻ്ററി സമിതി റിപ്പോർട്ട് നാളെ ലോക്സഭയിൽ. സമിതി ചെയർമാൻ ജഗദാംബിക പാലും അംഗം സഞ്ജയ് ജയ്സ്വാളും റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വക്കും. ഇന്ത്യയിലെ വഖഫ് സ്വത്തുക്കളുടെ നടത്തിപ്പിനെ നിയന്ത്രിക്കുന്ന 1995-ലെ വഖഫ് നിയമം പരിഷ്കരിക്കാനാണ് ബിൽ ലക്ഷ്യമിടുന്നത്.

**********************************

RNU TVPM

## വീണാ ജോർജ്

കാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി ജനകീയ ക്യാമ്പയിനുമായി സംസ്ഥാന ആരോഗ്യ വകുപ്പ്. കാൻസർ നേരത്തെ കണ്ടെത്തുന്നതിനുള്ള വലിയ ചുവടുവയ്പ്പാണിതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. സർക്കാർ, സ്വകാര്യ മേഖലകൾ സംയുക്തമായി സഹകരിച്ചാണ് ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങൾ നടത്തുക. 'ആരോഗ്യം ആനന്ദം - അകറ്റാം അർബുദം' ജനകീയ ക്യാമ്പയിന്റെ ലോഗോ പ്രകാശനം മന്ത്രി വീണാ ജോർജ് പത്തനംതിട്ടയിൽ നിർവഹിച്ചു.

**********************************

## ആർസിസി പരിശോധന

കാൻസർ പ്രതിരോധ ക്യാമ്പയിൻറെ ഭാഗമായി തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ സൗജന്യ ഗർഭാശയഗള, സ്തനാർബുദ നിർണയ പരിശോധന സംഘടിപ്പിക്കും. ലോക കാൻസർ ദിനമായ ഫെബ്രുവരി 4ന് ആരംഭിക്കുന്ന പരിശോധന മാർച്ച് 8 വനിതാ ദിനം വരെയുണ്ടാകും. കൂടുതൽ വിവരങ്ങൾക്ക് 0471 252 22 99 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**********************************

## ക്യാൻസർ ക്യാമ്പയിൻ - ആലപ്പുഴ (ഇൻട്രോ)

ആരോഗ്യവകുപ്പിന്റെ വനിതാ കാൻസർ നിയന്ത്രണ പദ്ധതിയ്ക്ക് ചൊവ്വാഴ്ച ആലപ്പുഴ ജില്ലയിൽ തുടക്കമാകും. 30 നും 65 നും ഇടയിൽ പ്രായമുള്ളവരെ ലക്ഷ്യമിട്ടാണ് കാമ്പയിൻ നടപ്പിലാക്കുന്നത്.
വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ....

**(വോയിസ്... )**

**********************************

## മഞ്ചേരി മെഡിക്കൽ കോളേജ് - മുസ്കാൻ

മലപ്പുറം മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിന് കേന്ദ്ര സർക്കാരിന്റെ ദേശീയ മുസ്കാൻ അംഗീകാരം ലഭിച്ചു. മാതൃശിശു പരിചരണത്തിനായി നടത്തിയ ഇടപെടലുകൾക്കുള്ള അംഗീകാരമാണിതെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ് പറഞ്ഞു. മികച്ച പ്രവർത്തനം നടത്തുന്ന ആരോഗ്യ പ്രവർത്തകരെ മന്ത്രി അഭിനന്ദിച്ചു. മുസ്കാൻ പുരസ്കാരം ലഭിക്കുന്ന സംസ്ഥാനത്തെ മൂന്നാമത്തെ മെഡിക്കൽ കോളേജ് കൂടിയാണ് മഞ്ചേരിയിലേത്.

RNU TVPM

**********************************

## പി രാജീവ്

സംസ്ഥാനം ആഗോള നിക്ഷേപ സംഗമത്തിന് തയ്യാറെടുക്കുമ്പോൾ ബഹിരാകാശ , പ്രതിരോധ മേഖലകളിലും പുതിയ അവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് മന്ത്രി പി രാജീവ്. രാജ്യത്തിന്റെ ബഹിരാകാശ ദൗത്യങ്ങളിൽ പങ്കെടുക്കുന്ന സുപ്രധാന സ്ഥാപനങ്ങൾ കേരളത്തിലാണ്. നാവികസേന യുദ്ധക്കപ്പലുകളുടെ നിർമാണ ദൗത്യങ്ങളിലുൾപ്പെടെആശ്രയിക്കുന്ന കെൽട്രോൺ, അനുബന്ധമായി പ്രവർത്തിക്കുന്ന ചെറുകിട -ഇടത്തരം സംരംഭങ്ങൾ , VSSC തുടങ്ങിയ സ്ഥാപനങ്ങൾ കേരളത്തിന് അഭിമാനമാണെന്നും ശ്രീ രാജീവ് സമൂഹമാധ്യമത്തിൽ കുറിച്ചു.

**********************************

## അരുവിപ്പുറം പ്രതിഷ്ഠാ വാർഷികം

ശ്രീനാരായണഗുരു പ്രഥമ പ്രതിഷ്ഠ നടത്തിയ തിരുവനന്തപുരം അരുവിപ്പുറം ശിവക്ഷേത്രത്തിലെ 137-ാമത് പ്രതിഷ്ഠാ വാർഷികവും മഹാശിവരാത്രി ആഘോഷവും ഈ മാസം 17 മുതൽ 26 വരെ നടക്കും. 17ന് പ്രതിഷ്ഠാവാർഷിക സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. 19 ന് നടക്കുന്ന സാംസ്കാരിക സമ്മേളനത്തിന്റെ ഉദ്ഘാടനം പ്രതിപക്ഷനേതാവ് വി.ഡി.സതീശൻ നിർവഹിക്കും. ശിവരാത്രി ദിവസമായ 26 ന് നടക്കുന്ന സെമിനാർ കേന്ദ്രസഹമന്ത്രി എൽ. മുരുഗൻ ഉദ്ഘാടനം ചെയ്യും.

********************************

## ചെറുകോൽപ്പുഴ

113-മത് അയിരൂർ ചെറുകോൽപ്പുഴ ഹിന്ദുമത പരിഷത്തിനു തുടക്കമായി. വൈകിട്ട് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഔപചാരിക ഉദ്ഘാടനം നിർവഹിക്കും. ഈമാസം ഒൻപതുവരെ പമ്പാ മണൽ പുറത്തെ വിദ്യാധിരാജ നഗറിൽ നടക്കുന്ന പരിപാടിയിൽ മത,രാഷ്ട്രീയ മണ്ഡലങ്ങളിലെ പ്രമുഖർ പങ്കെടുക്കും.

********************************

## കെ എസ് ആർ ടി സി പണിമുടക്ക്

സംസ്ഥാനത്ത് ചൊവ്വാഴ്ച കെ എസ് ആർ ടി സി പണിമുടക്ക്. നാളെ അർദ്ധരാത്രി 12 മണി മുതൽ 24 മണിക്കൂർ ആണ് പണിമുടക്ക്. ഐ.എൻ.ടി.യു.സി. യൂണിയനുകളുടെ കൂട്ടായ്മയായ ട്രാൻസ്പോർട്ട് ഡെമോക്രാറ്റിക് ഫെഡറേഷന്റെ (ടി.ഡി.എഫ്.) നേതൃത്വത്തിലാണ് പണിമുടക്ക് നടത്തുന്നത്. സംഘടനാ നേതാക്കളുമായി കെ.എസ്.ആർ.ടി.സി. സി.എം.ഡി കഴിഞ്ഞ ദിവസം നടത്തിയ ചർച്ച പരാജയപ്പെട്ടിരുന്നു.

********************************

## ദേശീയ ഗെയിംസ്

ഉത്തരാഖണ്ഡിൽ നടക്കുന്ന 38-ാമത് ദേശീയ ഗെയിംസിൽ കേരളത്തിന് വീണ്ടും മെഡൽ നേട്ടം. വനിതകളുടെ ബാസ്കറ്റ് ബോളിൽ തമിഴ്നാടുമായുള്ള മത്സരത്തിൽ കേരള ടീം വെള്ളി നേടി. നീന്തലിൽ 50 മീറ്റർ ബട്ടർഫ്ളൈ സ്ട്രോക്കിൽ സ്വർണ്ണം

RNU TVPM

ലക്ഷ്യമിട്ട് സജൻ പ്രകാശ് ഇന്നിറങ്ങും. ഗെയിംസിൽ ഏഴാം സ്ഥാനത്താണ് കേരളം. സർവീസസാണ് ഒന്നാമത്.

********************************

## ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പ്രഥമ അത്‌ലറ്റിക് മീറ്റിൽ കൊല്ലം ഫാത്തിമ മാതാ നാഷണൽ കോളേജ് ലേണർ സപ്പോർട്ട് സെൻ്റർ ഓവറോൾ ചാംപ്യൻമാരായി. എറണാകുളം മഹാരാജാസ് കോളേജ് എൽ.എസ്.സി, മലപ്പുറം മുണ്ടുപറമ്പ ഗവ. കോളേജ് എൽ.എസ്.സി എന്നിവ രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

********************************

## വയനാട് (ഇൻട്രോ)

വയനാട്ടിൽ വന്യജീവികളുടെ കാടിറക്കം തടയാൻ പദ്ധതികളുമായി വനം-വന്യജീവി സംരക്ഷണ വകുപ്പ്. വനത്തിലെ ആവാസവ്യവസ്ഥ മെച്ചപ്പെടുത്തിയും വനാതിർത്തികളിൽ പ്രതിരോധ സംവിധാനങ്ങൾ കാര്യക്ഷമമാക്കിയും ജനവാസ മേഖലകളിൽ വന്യജീവി ശല്യം കുറയ്ക്കാനാണ് വനം വകുപ്പിൻറെ നീക്കം. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ്........**
**(വോയ്സ്)**

RIUTVPM

********************************

## പുള്ളിപ്പുലിയുടെ ആക്രമണം

വയനാട്ടിൽ തിരുനെല്ലി കോട്ടിയൂർ പ്രദേശങ്ങളിൽ പുലിയുടെ ശല്യം രൂക്ഷം. ഇന്ന് പുലർച്ചെ പുള്ളിപ്പുലിയുടെ ആക്രമണത്തിൽ ഒരു ആട് ചത്തു. വിഷയം വനപാലകരുടെ ശ്രദ്ധയിൽപെടുത്തിയിട്ടും നടപടി സ്വീകരിച്ചില്ലെന്ന്
നാട്ടുകാർ പറഞ്ഞു.

********************************

## മുകേഷ് - കുറ്റപത്രം

നടനും എംഎൽഎയുമായ മുകേഷിനെതിരെയുള്ള പീഡന പരാതിയിൽ പ്രത്യേക അന്വേഷണ സംഘം കുറ്റപത്രം സമർപ്പിച്ചു. ആലുവ സ്വദേശിയായ നടിയുടെ പരാതി തെളിഞ്ഞതായി കുറ്റപത്രത്തിൽ പറയുന്നു. എംഎൽഎക്കെതിരെ ഡിജിറ്റൽ

തെളിവുകളുണ്ട്. എറണാകുളം ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിലാണ് പ്രത്യേക അന്വേഷണ സംഘം കുറ്റപത്രം സമർപ്പിച്ചത്.

*********************************

## മെഡിക്കൽ ഓഫീസർക്ക് റിപ്പോർട്ടു നൽകി

വൈക്കം താലൂക്ക് ആശുപത്രിയിൽ തലയിൽ പരിക്കേറ്റ കുട്ടിക്ക് മൊബൈൽ ഫോണിൻ്റെ വെളിച്ചത്തിൽ മുറിവിൽ തുന്നലിട്ട സംഭവത്തിൽ RMO - ജില്ലാ മെഡിക്കൽ ഓഫീസർക്ക് റിപ്പോർട്ടു നൽകി. ഷോർട്ട് സർക്യൂട്ട് മൂലം വൈദ്യുതി നിലച്ചതിനാലാണ് മൊബൈൽ ഫോൺ വെളിച്ചത്തിൽ തുന്നൽ ഇട്ടതെന്ന് റിപ്പോർട്ടിൽ പറയുന്നു.

*********************************

## കണ്ണൂർ (ഇൻട്രോ)

ദേശീയ പാതയിൽ കണ്ണൂർ പുതിയതെരുവിൽ നടപ്പാക്കിയ താത്കാലിക ഗതാഗത പരിഷ്കാരം ഗതാഗതക്കുരുക്കിന് വലിയ രീതിയിൽ ആശ്വാസകരമാകുന്നതായി വിലയിരുത്തൽ. താൽക്കാലികമായാണ് പ്രദേശത്ത് പരിഷ്കാരം നടപ്പാക്കിയത്. വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ. ഒ,ശശിധരൻ.

**(വോയ്സ്)**

RNUTVPM

*********************************

## ഗതാഗത നിയന്ത്രണം - തിരുവനന്തപുരം

തിരുവനന്തപുരം വഴുതക്കാട് റോഡിൽ ടാറിങിൻറെ ഭാഗമായി ഇന്നു മുതൽ ഗതാഗത നിയന്ത്രണം. ശ്രീമൂലം ക്ലബ് ജംഗ്ഷൻ - വിമൻസ് കോളേജ് റോഡിലാണ് നിയന്ത്രണം. ഇരുവശങ്ങളിലും പാർക്കിങും അനുവദിക്കില്ല.

*********************************

## ചാലക്കുടി -ഗതാഗത നിയന്ത്രണം

ചാലക്കുടി - ആനമല റോഡിൽ തമിഴ്നാട് ചെക്പോസ്റ്റ് മുതൽ ചാലക്കുടി ഭാഗത്തേക്ക് ടാറിങ്ങ് നടക്കുന്നതിനാൽ നാളെ മുതൽ ഈ മാസം 17 വരെ ഗതാഗത നിയന്ത്രണം ഉണ്ടാകും. രാവിലെ 10 മുതൽ വൈകിട്ട് 4 വരെ അടിയന്തര വാഹനങ്ങളൊഴികെ

പൂർണ്ണമായി നിരോധിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി യുടെയും സ്വകാര്യ ബസ്സുകളുടെയും സമയം ഇതനുസരിച്ച് ക്രമീകരിക്കും.

********************************

## ശൂരനാട്ട് കുഞ്ഞൻപിള്ള - പുരസ്കാരം

പ്രഥമ എഴുത്തച്ഛൻ പുരസ്കാര ജേതാവ് ശൂരനാട്ട് കുഞ്ഞൻപിള്ളയുടെ സ്മരണാർത്ഥം ഏർപ്പെടുത്തിയ ആറാമത് സാഹിത്യ പുരസ്കാരം എഴുത്തുകാരൻ എ.എം ഉണ്ണികൃഷ്ണന്. കരമന സഹോദരസമാജം NSS കരയോഗം ഏർപ്പെടുത്തിയ പുരസ്കാരം ഈ മാസം 16 ന് സമ്മാനിക്കും.

********************************

## വാഹന നികുതി

വാഹന നികുതി ഒറ്റതവണ നികുതി കുടിശ്ശിക തീർപ്പാക്കൽ പദ്ധതി മാർച്ച് 31 വരെ നീട്ടി. 2020 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള നികുതിയും അധിക നികുതിയും പലിശയും ഉൾപ്പെടുന്ന ആകെ തുകയിൽ ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് 30 ശതമാനം മാത്രവും നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് 40 ശതമാനം മാത്രവും അടച്ചാൽ മതി.

********************************

## മലബാർ ദേവസ്വം ബോർഡ്

മലബാർ ദേവസ്വം ബോർഡ് കമ്മീഷണറായി ടി.സി.ബിജുവിനെ സർക്കാർ നിയമിച്ചു. കാടാമ്പുഴ, മമ്മിയൂർ ദേവസ്വങ്ങൾ ഞാങ്ങാട്ടിരി ഭഗവതി ക്ഷേത്രം തുടങ്ങിയവയുടെ ഭരണാധികാരിയായി പ്രവർത്തിച്ചിട്ടുണ്ട്.

************************************************************

******************************

RIUTVPM